## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5243. 06.02.2014 ൽ മറുപടിയ്ക്ക്.

സ്റ്റേജ് കാര്യേജ് ബസുകൾ

| ചോദ്യം<br>ശ്രീ. എളമരം കരീം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്റ്റേജ് കാര്യേജ് ബസുകൾ ഓടിക്കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് ഇപ്പോൾ 15014 സ്വകാര്യ സ്റ്റേജ് കാര്യേജ് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി. 5621 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (ബി) | സ്റ്റേജ് കാര്യേജ് ബസുകളുടെ എണ്ണം കുറഞ്ഞുവരികയാണോ എന്നറിയിക്കുമോ ; | (ബി) | ചില ഭാഗങ്ങളിൽ എണ്ണം കുറഞ്ഞു വരുന്നുണ്ട്. |
| (സി) | എങ്കിൽ അതിന്റെ കാരണം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ? | (സി) | ഉണ്ട്. സാമ്പത്തിക നഷ്ടം, പ്രവർത്തന ചെലവിലെ വർദ്ധനവ്, വാഹനത്തിന്റെ മോശമായ മെക്കാനിക്കൽ കണ്ടീഷൻ എന്നീ കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേജ് കാര്യേജ് സർവ്വീസുകൾ മറ്റു മോട്ടോർ വാഹന മേഖല പോലെ ലാഭകരമല്ലെന്നതും തൊഴിലാളികളുടെ ലഭ്യത കുറവും ആണ് സ്റ്റേജ് കാര്യേജ് സർവ്വീസുകളുടെ എണ്ണം കുറയുവാനുള്ള കാരണമെന്നാണ് പഠനത്തിൽ വ്യക്തമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.